"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - തോന്നയ്ക്കൽ സാംസ്കാരിക സമിതി സംഘടിപ്പിക്കുന്ന പ്രേംനസീർ റോളിംഗ് ട്രോഫി നാടകോത്സവം, വോളിബാൾ ടൂർണമെന്റ് എന്നിവയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2957/2022/LSGD തീയതി,തിരുവനന്തപുരം, 30-11-2022

---

പരാമർശം:- 1. തോന്നയ്ക്കൽ സാംസ്കാരിക സമിതി സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന 14.11.2022 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ 66 വർഷത്തിലധികമായി സജീവമായി പ്രവർത്തിക്കുന്ന കലാസാംസ്കാരിക കായിക സംഘടനയായ തോന്നയ്ക്കൽ സാംസ്കാരിക സമിതി 39 -ാം പ്രേം നസീർ റോളിംഗ് ട്രോഫി നാടകോത്സവം, കുട്ടികളുടെ നാടകോത്സവം, കേരള പോലീസ്, കെ.എസ്.ഇ.ബി തുടങ്ങി കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഡിപ്പാർട്ടുമെന്റ് ടീമുകൾ പങ്കെടുക്കുന്ന സീനിയർ ജില്ലാ വോളിബാൾ ചാമ്പ്യൻഷിപ്പ്, ലൈബ്രറി കലോത്സവം, വിവിധ മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ ഉൾപ്പെടുത്തി 65-ാമത് വാർഷികാഘോഷം 2022 നവംബർ 25 മുതൽ ഡിസംബർ 13 വരെ തീയതികളിൽ വേങ്ങോട് പബ്ലിക് മാർക്കറ്റ് ഫ്ളഡ്ലിറ്റ് സ്റ്റേഡിയം, തോന്നയ്ക്കൽ സാംസ്കാരിക സമിതി ആഡിറ്റോറിയം എന്നിവിടങ്ങളിലായി സംഘടിപ്പിക്കുന്നതായും ഏകദേശം 10 ലക്ഷം രൂപ ചെലവ് വരുന്ന ഈ പരിപാടിക്ക് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 25,000/- രൂപയിൽ അധികരിക്കാത്ത തുക സംഭാവനയായി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് തോന്നയ്ക്കൽ സാംസ്കാരിക സമിതി സെക്രട്ടറി സമർപ്പിച്ചിരുന്ന പരാമർശം അപേക്ഷ ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശുപാർശ ചെയ്തു നൽകിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തോന്നയ്ക്കൽ സാംസ്കാരിക സമിതി 65-ാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി 2022 നവംബർ 25 മുതൽ ഡിസംബർ 13 വരെ സംഘടിപ്പിക്കുന്ന പ്രേംനസീർ റോളിംഗ് ട്രോഫി നാടകോത്സവം, വോളിബാൾ ടൂർണമെന്റ്, വിവിധങ്ങളായ സാംസ്കാരിക പരിപാടികൾ എന്നിവയ്ക്ക് തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും 25,000/- (ഇരുപത്തയ്യായിരം രൂപ) രൂപയിൽ അധികരിക്കാത്ത തുക കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രസിഡന്റ്/ സെക്രട്ടറി, തോന്നയ്ക്കൽ സാംസ്കാരിക സമിതി.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by M.k.pradeesh Kumar**
**Date: 01-12-2022 12:04:15**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.